# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1094** 21/03/2013 **ൽ മറുപടിക്ക്**

ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട കുടിശ്ശിക തുകനൽകാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന ഉച്ച ഭക്ഷണ പരിപാടിക്കായി ഈ വർഷം എത്ര രൂപയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന ഉച്ച ഭക്ഷണ പരിപാടിക്കായി ഇതുവരെ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) 2011-12 അദ്ധ്യയന വർഷത്തിൽ ഈ ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; ഈ കുടിശ്ശിക നൽകുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2011-12 അദ്ധ്യയന വർഷത്തിൽ കുടിശ്ശികയായിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) ഈ അദ്ധ്യയന വർഷത്തിൽ അഡ്വാൻസായി നൽകിയ തുക ആദ്യ 3 മാസം കൊണ്ടുതന്നെ മിക്ക സ്കൂളുകളിലും തീരുകയും തുടർന്ന് പി.റ്റി.എ കമ്മറ്റിയുടെയും, സ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും പക്കൽ നിന്നും തുക മുടക്കി ഉച്ചഭക്ഷണ പരിപാടി തുടർന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി 6 മാസത്തെ തുകയാണ് അഡ്വാൻസായി നൽകിയിരുന്നത്. ചില സ്കൂളുകളിൽ ടി തുക നവംബർ മാസത്തോടുകൂടി തീർന്നതായും തുടർന്ന് പി.റ്റി.എ കമ്മറ്റിയുടെയും, സ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും മുൻകൂർ തുക ഉപയോഗിച്ച് ഉച്ചഭക്ഷണ പരിപാടി തുടർന്നുപോകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്ന് 2013 |

ജനുവരി മാസം രണ്ടാം ഗഡു തുക വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ വർഷം മാവേലിസ്റ്റോർ വഴി അരിയും, പയറും, മിൽമ വഴി പാലും ലഭിക്കുമായിരുന്നു; പുതുക്കിയ ഉത്തരവുപ്രകാരം അരിയൊഴികെ മുഴുവൻ സാധനങ്ങളും പ്രഥമാധ്യാപകർക്ക് പൊതുവിപണിയിൽ നിന്നും വാങ്ങേണ്ടി വരുന്നതിനാൽ അടിക്കടി ഭക്ഷ്യസാധനങ്ങൾക്കുണ്ടായ വിലക്കയറ്റം മൂലം നല്ലൊരു പങ്ക് പ്രഥമാധ്യാപകരും, ഉച്ചഭക്ഷണ പരിപാടി നടത്തിപ്പിന്റെ കമ്മിറ്റിക്കാരും കടക്കെണിയിൽപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

ഇ) ഈ സാഹചര്യത്തിൽ, 2011-12-ലെ കുടിശ്ശിക നൽകുന്നതിനും ഈ അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ തുക കണക്കാക്കി ഉടൻ വിതരണം ചെയ്യുന്നതിനും എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഇ) 2011-12 ലെ കുടിശ്ശികയും ഈ അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ തുകയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന ശേഖരിച്ച വിവരങ്ങളനുസരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**ANNEXURE-1**

| SL. NO. | DISTRICT | AMOUNT |
|---|---|---|
| 1 | Thiruvananthapuram | 136307400 |
| 2 | Kollam | 115915200 |
| 3 | Pathananthitta | 32713800 |
| 4 | Alappuzha | 92694000 |
| 5 | Kottayam | 84001800 |
| 6 | Idukki | 52516200 |
| 7 | Eranakulam | 124204800 |
| 8 | Thrissur | 155512200 |
| 9 | Palakkad | 161982000 |
| 10 | Malappuram | 211526499 |
| 11 | Kozhikode. | 189687699 |
| 12 | Wayanad | 54105600 |
| 13 | Kannur | 135708000 |
| 14 | Kasaragod | 78724200 |
| | TOTAL | 1625599398 |

Section Officer

**ANNEXURE-11**

| SL. NO. | DISTRICT | AMOUNT |
|---|---|---|
| 1 | Thiruvananthapuram | 3475519 |
| 2 | Kollam | 1971213 |
| 3 | Pathananthitta | 594741 |
| 4 | Alappuzha | 3612630 |
| 5 | Kottayam | 2775109 |
| 6 | Idukki | 1204385 |
| 7 | Eranakulam | 1204707 |
| 8 | Thrissur | 894134 |
| 9 | Palakkad | 463294 |
| 10 | Malappuram | 13172830 |
| 11 | Kozhikode. | 2248560 |
| 12 | Wayanad | 760988 |
| 13 | Kannur | 324332 |
| 14 | Kasaragod | 612224 |
| | TOTAL | 33314666 |

Section Officer